# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6456 11.07.2012 -ൽ മറുപടിയ്ക്ക്**

**ഹവാല കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കെ. ജയചന്ദ്രൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ എം. ചന്ദ്രൻ<br>ശ്രീ ബി. ഡി. ദേവസ്സി | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കേരളത്തിലേക്ക് വൻതോതിൽ ഹവാല പണം കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരളത്തിലേക്ക് ഹവാല പണം കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത ഹവാലാപണം തീവ്രവാദപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഹവാലാപണം തീവ്രവാദപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്. |
| സി) ഹവാലാപണം കടത്തുന്നവരെ നിരീക്ഷിക്കുന്നുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ എത്ര പേരെ അറസ്റ്റു ചെയ്യുകയുണ്ടായി ; അറസ്റ്റു ചെയ്യാൻ കഴിയാത്ത കേസുകൾ എത്ര ; | (സി) ഹവാലാപണം കടത്തുന്നവരെ നിരീക്ഷിച്ചു വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 58 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റു ചെയ്യാൻ കഴിയാത്ത കേസുകളില്ല. |
| ഡി) ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം നടത്തുന്ന അന്വേഷണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിലുള്ള ഏതെങ്കിലും ഇടപാട് കണ്ടു പിടിക്കുകയുണ്ടായോ ; വെളിപ്പെടുത്തുമോ ? | (ഡി) ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരം ഇടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ